LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

First Session—1970

Tuesday, the 13th January 1970

Vol. XXVI] OFFICIAL REPORT [No. 3

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 13th January, 1970 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the Session.)

ORAL ANSWERS

ഗവൺമെൻറു സ്കൂളുകളിലെ നിയമനം

* 13 [27] ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ:
ശ്രീ. വി. എസ്. അച്യുതാനന്ദൻ:
ശ്രീ. എ. എസ്. എൻ. നമ്പീശൻ:
ശ്രീ. ടി. കെ. രാമകൃഷ്ണൻ:
ശ്രീ. ഈ. പി. കൃഷ്ണൻ നമ്പ്യാർ:
ശ്രീ. സി. ഗോവിന്ദപ്പണിക്കർ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു മുഖേന ഗവൺമെൻറു സ്കൂളുകളിൽ നിയമനം ലഭിച്ചിട്ടുള്ള എത്രപേരെ 1967–69 വർഷത്തിൽ ഗവൺമെൻറു കോട്ടായിൽ ഉൾപ്പെടുത്തി ടി. ടി. സി.-ക്ക് അയയ്ക്കുകയുണ്ടായി;

(ബി) ടി. ടി. സി. പാസ്സായതിനുശേഷം പ്രസ്തുത അദ്ധ്യാപകരെ നിയമിക്കുന്ന കാര്യത്തിൽ ഗവൺമെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നു റിക്രൂട്ടുചെയ്തു നിയമിക്കുകയും അതിനുശേഷം ഗവൺമെൻറ് നിയോഗിച്ചതനുസരിച്ച് ട്രെയിനിംഗ് കഴിച്ചുവരികയും ചെയ്തിട്ടുള്ള ആളുകൾക്ക് ട്രെയിനിംഗ്കഴിച്ച് വരുന്നതിനകം വയ: ക്ലിപ്തി കടന്നുപോയി എന്നുള്ളതിൻെറ പേരിൽ നിയമനം കൊടുക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥ വന്നിട്ടുണ്ട്. അതിന് ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതിലേക്കുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ പറഞ്ഞ ആളുകൾ ഇപ്പോൾ സത്യാഗ്രഹം നടത്തുകയാണ്. അവർ ഇറക്കിയിട്ടുള്ള പ്രസ്താവനയിൽ 25—10—65—നു മുൻപു നിയമിച്ച 115 പേർ ഇനിയുണ്ടെന്നും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി നിയമനം കിട്ടിയതിനുശേഷം സർവ്വീസിൽനിന്നുതന്നെ അവരെ ടി. ടി. സി.—ക്ക് വിടുകയും കോഴ്സ് കഴിഞ്ഞുവന്നപ്പോൾ നിയമനം നിഷേധിക്കുകയും ചെയ്തു എന്നാണ് പറഞ്ഞിട്ടുള്ളത്. ഇതാണ് കാര്യമെങ്കിൽ ഇതൊരു ന്യായമായ പരാതിയെന്നുള്ള നിലയ്ക്ക് 115 പേരെയും സർവ്വീസിൽ എടുക്കുന്നതിന് ഗവൺമെൻറ് നടപടിസ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അവരെ സർവ്വീസിൽ എടുക്കുന്നതിനു സാങ്കേതികമായ വിഷമതകളുണ്ട്. അതിനെക്കുറിച്ചാണ് ഗവൺമെൻറ് ആലോചിക്കുന്നത്.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ടി. ടി. സി. പാസായ ആളുകളെ റിക്രൂട്ടുചെയ്യുന്നതിന് ഇടയാക്കിയ കാരണമെന്താണ്? സാധാരണഗതിയിൽ അത്യാവശ്യത്തിനുമാത്രം ചെയ്യുന്ന ഈ നടപടി സർവ്വസാധാരണമാക്കി മാറ്റുന്ന നയം എന്നെന്നേക്കുമായി നിറുത്തൽ ചെയ്യുന്നതിനു നടപടിസ്വീകരിക്കുന്നതോടൊപ്പം പബ്ലിക്ക് സർവ്വീസ് കമ്മിഷനിൽനിന്നും ആളുകളെ റിക്രൂട്ടുചെയ്യാൻ വേണ്ട നടപടിസ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: നയം മാറ്റുകയില്ല. രണ്ടുകൂട്ടരെയുംകൂടി ഒന്നിച്ച് നിയമിക്കാൻസാധ്യമല്ല. പബ്ലിക്സർവ്വീസ് കമ്മിഷൻ വഴി എടുക്കുകയാണെങ്കിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി എടുക്കാനൊക്കുകയില്ല. എംപ്ലോയ്മെൻറു എക്സ്ചേഞ്ചുവഴി എടുക്കുകയാണെങ്കിൽ പി. എസ്. സി. വഴി കൊടുക്കാനൊക്കുകയില്ല. ഇവരുടെ വയ: ക്ലിപ്തി ഇളവുചെയ്തുകൊടുക്കാൻ കഴിയുമോ എന്നുള്ളതിനെസംബന്ധിച്ചാണ് ഗവൺമെൻറ് ആലോചിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: പ്രൈവറ്റ് സ്കൂളുകളിലാണെങ്കിൽ മാനേജ്മെൻറ് ടി. ടി. സി.—ക്ക് അയയ്ക്കുകയാണെങ്കിൽ അവർ പാസായിവന്നാൽ വേക്കൻസിയുണ്ടെങ്കിൽ നിയമിക്കാൻ നിർബന്ധിതരാണ്. അതുപോലെതന്നെ ഗവൺമെൻറ് സർവ്വീസിലിരിക്കുമ്പോൾ അവിടെനിന്ന് ടി. ടി. സി.—ക്ക് അയയ്ക്കുകയാണെങ്കിൽ അവർ തിരിച്ചുവരുമ്പോൾ അവരെ നിയമിക്കുന്നതിന് ഗവൺമെൻറിന് ബാധ്യതയുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെ ചോദിച്ചാൽ കൃത്യമായ ഉത്തരംപറയാൻ സാധ്യമല്ല. ഒരു കൺസഷനെന്നുള്ള നിലയിൽ ട്രെയിനിംഗിന് ആവശ്യപ്പെടുകയും അതിന് നിയമപരമായ പിൻബലം കിട്ടാൻവേണ്ടി അവർ കോടതിയെസമീപിക്കുകയും ചെയ്തു. ട്രെയിനിംഗ് കഴിഞ്ഞപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നിയമനത്തിന് അർഹതയുള്ളവരുടെ വയസ്സ് കൂടിപ്പോയി. അതിൽ എന്തെങ്കിലും ഇളവുവരുത്തണമോ എന്നുള്ളകാര്യമാണ് ഗവൺമെൻറ് ആലോചിക്കുന്നത്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്ന് ആളുകളെ നിയമിച്ച് മൂന്നു മാസംകഴിയുമ്പോൾ പിരിച്ചു വിടുകയും വീണ്ടും ആ പോസ്റ്റ് കിടന്നിട്ടും അങ്ങനെയുള്ള ആളുകളെ നിയമിക്കാതിരിക്കുകയും ചെയ്യുന്നകാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഈവക കുഴപ്പങ്ങളുണ്ടായിട്ടുണ്ടെങ്കിൽ പിരിച്ചുവിട്ടിട്ടുണ്ടായിരിക്കും.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: പ്രൈവറ്റ് സ്കൂളുകളിൽ 35 വയസ്സുവരെ നിയമിക്കാമെന്ന് 1969–ൽ ഗവൺമെൻറ് ഓർഡർ പാസാക്കിയിട്ടില്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഉണ്ട്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ആ ഓർഡർ ഇപ്പോഴും നിലവിലുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഉണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ഒരുനയമെന്നുള്ള നിലയിൽ ഗവൺമെൻറ് ഇവരെ നിയമിക്കുന്നതിനു വേണ്ടി പ്രത്യേക സാങ്ഷൻ വേണമെന്ന് പി. എസ്. സി. യോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: വയസ്സിൽ ഇളവുവരുത്തണമെന്നാണാവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. കെ. കരുണാകരൻ: പബ്ലിക് സർവ്വീസ് കമ്മീഷന്റെ വ്യവസ്ഥയ്ക്ക് വിധേയമായി സമുദായപ്രാതിനിധ്യമുള്ള കാര്യങ്ങൾ പരിഗണിച്ചുകൊണ്ടുതന്നെ നിയമനങ്ങളിൽ ഇവർക്കു മുൻഗണന നൽകാൻസാധ്യമാണോ എന്ന് ഗവൺമെൻറാലോചിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അത് ആലോചിച്ചിട്ടില്ല. വയസ്സ് ഒഴിവാക്കുന്നതിന് പി. എസ്. സി. യുടെ സാങ്ഷൻ ആവശ്യമാണ്. അതിനുവേണ്ടിയാണ് പി. എസ്. സി.–യിൽ എഴുതിയിട്ടുള്ളത്. അതുകിട്ടിയതിനുശേഷം ഈ പ്രശ്നം പരിഗണിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സാധാരണയായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും ആളുകളെ നിയമിച്ചാൽ 3 മാസം കഴിയുമ്പോഴേക്കും പിരിച്ചുവിടുകയാണ് ചെയ്യുന്നത്. അദ്ധ്യാപകൻമാരുടെ കാര്യത്തിലെങ്കിലും അതാത് അക്കാഡമിക്ക് ഈയറിൽ മുഴുവനുമോ അല്ലെങ്കിൽ പി. എസ്. സി. യുടെ ആൾ വരുന്നതുവരെയോ എംപ്ലോയ്മെൻറിൽനിന്നുവരുന്ന ആളെ തുടരാൻ അനുവദിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെ നടപടി ഉണ്ടെന്നോണറിയുന്നത്. പക്ഷേ ആ നടപടിയുടെ പേരിൽ സ്ഥിരപ്പെടുത്തണമെങ്കിൽ അത് പി. എസ്. സി. യെ മറികടക്കലായിരിക്കും. അത് പി. എസ്. സി.

LIBRARY ARCHIVES Kerala Legislative Assembly

യോടുള്ള അനാദരവാണെന്നുമാത്രമല്ല ഓരോ ഡിപ്പാർട്ടുമെൻറിലുമുള്ള സംവരണം, പിന്നോക്കപ്രദേശങ്ങളുടെ പ്രാതിനിധ്യം തുടങ്ങിയ അനേകം പ്രശ്നങ്ങൾക്കിടയാക്കുമെന്നുള്ളതുകൊണ്ടും, അത് പ്രശ്നപരിഹാരത്തേക്കാൾ ഏറെ കുഴപ്പങ്ങൾ ഉണ്ടാക്കുമെന്നുള്ളതുകൊണ്ടും ആണ് ഇവരെ സ്ഥിരപ്പെടുത്താത്തത്.

ശ്രീ. പി. എസ്. നമ്പൂതിരി: ടി. ടി. സി. പാസായ ആളുകൾ ജോലിയില്ലാതിരിക്കുമ്പോൾ എംപ്ലോയ്മെൻറ് വഴിയാണെങ്കിൽപോലും ടി. ടി. സി. പാസായ ആളുകളെ മാത്രമേ എടുക്കാവൂ എന്നു നിർദ്ദേശിക്കുകയാണെങ്കിൽ ഈ കുഴപ്പം ഒഴിവാക്കാമല്ലോ.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇപ്പോഴും അങ്ങനെയൊരു നിർദ്ദേശം ഉണ്ടെന്നാണറിയുന്നത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: കണ്ടിജൻസി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുപോലെ ഇവരെ സ്ഥിരപ്പെടുത്തുകയും ഇനിയുള്ള ആളുകളെ മൂന്നു മാസം കഴിയുമ്പോൾ പിരിച്ചുവിടുകയും ചെയ്യണമെന്നുള്ള നയം സ്വീകരിച്ചുകൂടേ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: മൂന്നുമാസം കഴിയുമ്പോൾ പിരിച്ചുവിടുക എന്നുള്ളത് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം സ്വീകരിക്കുകയാണെങ്കിൽ അത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകും. ഇവരെ നേരത്തെതന്നെ പിരിച്ചുവിടേണ്ടതായിരുന്നു. അതിനുപകരം അവർ ട്രെയിനിംഗിനു വിടണമെന്ന് ആവശ്യപ്പെട്ടപ്പോൾ ട്രെയിനിംഗിനുവിട്ടു. സ്വകാര്യസ്കൂളുകളിൽ നിയമനം ലഭിക്കുന്നതിന്വേണ്ടി വയസ്സ് ഇളവു ചെയ്തുകൊടുത്തു. സർക്കാരിനെസംബന്ധിച്ചിടത്തോളം വയസ്സ് ഇളവു ചെയ്യണമെന്നുണ്ടെങ്കിൽ പി. എസ്. സി. യുടെ സാങ്ഷൻവേണം. അതിനാണ് പി. എസ്. സിയുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: അനേകായിരം ടി. ടി. സി. ഹോൾഡേഴ്സ് നമ്മുടെ സംസ്ഥാനത്ത് ജോലിയില്ലാത്തവരായി ഉള്ളതുകൊണ്ട് അടുത്തവർഷമെങ്കിലും ട്രെയിനിംഗ് സ്കൂളുകൾ പൂർണ്ണമായി നിറുത്തലാക്കുകയോ അല്ലെങ്കിൽ പ്രവേശനം കർശനമായി കുറയ്ക്കുകയോചെയ്യാൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇപ്പോൾ വളരെ കർശനമായിട്ടാണ് പ്രവേശനം നൽകുന്നത്. ഒരു സ്കൂളിൽ പത്തോ ഇരുപതോ വിദ്യാർത്ഥികളെയാണ് ആകെ എടുത്തിട്ടുള്ളത്. ട്രെയിനിംഗ് സ്കൂളുകൾ പൂർണ്ണമായി നിറുത്തൽചെയ്തില്ലെങ്കിലും എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുതന്നെ പൂർണ്ണമായി നിറുത്തൽചെയ്യുന്നതിനുള്ള വിഷമതകളുടെ സൂചനയാണ്. ഏതായാലും എത്ര ആളുകൾ ട്രെയിനിംഗ് കഴിച്ച് ജോലിയില്ലാത്തവരുണ്ടെന്നുള്ളതു മനസ്സിലാക്കി വളരെ കാര്യമായവിധത്തിൽ ട്രെയിനിംഗിനുള്ള പ്രവേശനം നിയന്ത്രിച്ചിട്ടുണ്ടെന്നുള്ള വസ്തുത അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. ജോസഫ് 'ചാഴിക്കാട്ട്': ടി. ടി. സി. പരീക്ഷക്ക് സമമായി ഇടക്കാലത്തു പെഡഗോഗി കോഴ്സ് എന്നൊരു കോഴ്സുണ്ടായിരുന്നു. അതിൽ അനേകം പേർ പാസാകുകയും അവരെ ഗവൺമെൻറ് ഓർഡർ അനുസരിച്ച് നിയമിക്കുകയും ചെയ്തു. ഇപ്പോൾ അവർ വീണ്ടും ടി. ടി. സി.

LIBRARY ARCHIVES Kerala Legislative Assembly

കോഴ്സ് പാസാകണമെന്നാണ് പറയുന്നത്. അതുകൊണ്ട് അവരുടെ പഠനം വകവച്ചുകൊണ്ട് ആ പെഡഗോഗിക്കൽ വല്ല സഹായസഹകരണവും ചെയ്തുകൊടുക്കാൻ ഗവൺമെൻറിന് ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ബഹുമാനപ്പെട്ട മെംബറുടെ പ്രസ് താവനയിൽ ചെറിയ ഒരു പിശകുണ്ട്. അവരെ ടി. ടി. സി. ക്ക് പഠി പ്പിക്കുന്നില്ല. ആ കോഴ്സിനു പഠിക്കുവന്നവർ അവർക്ക് പൂർണ്ണമായ ശമ്പളം കിട്ടണമെന്നുംമറും കാണിച്ച് നിവേദനം തന്നിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ പഠനകാലത്ത് അവർക്ക് 50 രൂപയേ സ്റ്റൈപ്പൻറ് കിട്ടുന്നുള്ളു. 100-ഉം 120-ഉം രൂപ ശമ്പളം വാങ്ങിച്ചു കൊണ്ടിരുന്ന ആളുകളും ഈ 50 രൂപ കിട്ടുന്നതുമൂലം കഷ്ടപ്പെടുന്നുണ്ടെ ന്നുള്ളത് ഗവൺമെൻറിനറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അത് അറിയാം. ഈ കാലം അവരുടെ പ്രാളിഫിക്കേഷൻ പൂർത്തിയാക്കാനുള്ള സമയമായതുകൊണ്ടാണ് സ്റ്റൈപ്പൻറ് കൊടുക്കുന്നത്. ട്രെയിനിംഗ് സമയത്ത് ശമ്പളം കൊടുക്കണമോ എന്നുള്ള കാര്യം ഗവൺമെൻറ് തീരുമാനിച്ചിട്ടില്ല.

പോലീസ് വെടിവയ്പ്പും മർദ്ദനങ്ങളും

*14 [28] ശ്രീ. പാലൊളി മുഹമ്മദുകുട്ടി:
,, എം. രാമുണ്ണി:
,, കെ. കെ. അബ്യു:
,, വി. എസ്. അച്യുതാനന്ദൻ:
,, ഈ. ബാലാനന്ദൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, സി. ഗോവിന്ദപ്പണിക്കർ:
,, പി. എൻ. ചന്ദ്രസേനൻ:
,, ഈ. ടി. കുഞ്ഞൻ:
,, ആർ. കൃഷ്ണൻ (ആലത്തൂർ):
,, സി. കണ്ണൻ:
,, ആർ. കൃഷ്ണൻ (പാലക്കാട്):
,, എം. കെ. ദിവാകരൻ:
,, എൻ. പ്രഭാകരത്തണ്ടാർ:
,, എം. കെ. കൃഷ്ണൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരം ഏറ്റെടുത്തതിനുശേഷം സംസ്ഥാ നത്ത് പോലീസ് ഭാഗത്തുനിന്നും വെടിവയ്പ്പും, മർദ്ദനങ്ങളും നടന്ന തിനെപ്പറ്റി എത്ര ആക്ഷേപങ്ങൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പോലീസ് മർദ്ദനങ്ങളുടേയും, വെടിവയ്പ്പിൻേറയും ഫലമായി എത്രപേർ മരിക്കുകയും, പരുക്കേൽക്കുകയും ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly